**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2827.** **17.06.2019 ൽ മറുപടിയ്ക്ക്**

**സ്റ്റുഡന്റ് എക്സൈസ് കേഡറ്റ് രൂപീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സ്കൂൾ-കോളേജ് വിദ്യാർത്ഥികളിൽ മയക്കുമരുന്ന് പോലുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി സ്കൂളുകളിൽ വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളും പരിപാടികളും എന്തെല്ലാമാണെന്നറിയിക്കാമോ; | (ബി) | വരുംതലമുറ ലഹരിയ്ക്ക് അടിമപ്പെട്ട് പോകാതിരിക്കാൻ സംസ്ഥാനത്തുടനീളം വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ ഡവലപ്പ്മെൻറ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരിക്കെതിരായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. വിദ്യാർത്ഥികളോടൊപ്പം രക്ഷിതാക്കളേയും അദ്ധ്യാപകരേയും കൂടി ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ വിദ്യാലയങ്ങളിൽ 2018-19 വർഷത്തിൽ 506 വിവിധ ബോധവത്ക്കരണ പരിപാടികളും 188 റാലികളും 24675 ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്. "വിമുക്തി" മിഷന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കുകയും, പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാലയ |

| | | | |
|---|---|---|---|
| | | | പരിസരങ്ങളിലെ ലഹരി ഉപയോഗം ശ്രദ്ധയിൽ പെട്ടാൽ അവ വകുപ്പിന്റെ ശ്രദ്ധയിൽ എത്തിക്കുന്നതിനുവേണ്ടി വിമുക്തി മിഷൻ "വിമുക്തി" എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. ഇതുവഴി ഇത്തരം കാര്യങ്ങൾ സ്വന്തം വ്യക്തിവിവരങ്ങൾ വെളിപ്പെടുത്താതെ തന്നെ വകുപ്പിനെ അറിയിക്കുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും സാധിക്കുന്നതാണ്. |
| (സി) | ലഹരി വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി സ്റ്റുഡന്റ് പോലീസ് മാതൃകയിൽ സ്റ്റുഡന്റ് എക്സൈസ് കേഡറ്റ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**